File No.LSGD-DC1/92/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലാ ആശുപത്രിയുടെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള മാലിന്യം കിലോഗ്രാമിന് 7 രൂപ നിരക്കിൽ എക്സ് സർവീസ് മെൻ ട്രസ്റ്റ് മുഖേന നീക്കം ചെയ്യുന്നതിനായി 2018-2019 വർഷം ഭരണാനുമതി നകിയിട്ടുള്ള ശുചിത്വ കേരളം (റൂറൽ) സ്കീമിലെ അനുവദനീയമായ ഘടകത്തിൽ നിന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് തുക അനുവദിക്കുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.567/2019/LSGD തീയതി,തിരുവനന്തപുരം, 08/03/2019

---

പരാമർശം:- 1 28.12.2018-ലെ സ.ഉ(സാധാ).3258/2018/LSGD നമ്പർ ഉത്തരവ്

2 മൂന്നാർ വനമേഖലയിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രോജക്ട് ഗ്രീൻ ഗ്രാസ് പദ്ധതി സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 16/1/2019-ന് ചേർന്ന അവലോകന യോഗത്തിലെ തീരുമാനം നം.13

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.02.2019- ലെ 3765/G/2017/SMനമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കി ജില്ലാ ആശുപത്രിയുടെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള മാലിന്യത്തിന്റെ അളവ് ശുചിത്വ മിഷൻ രണ്ടു ദിവസത്തിനകം കണക്കാക്കുകയും മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് എക്സ് സർവീസ് മെൻ ട്രസ്റ്റിനെ ചുമതലപ്പെടുത്തുകയും മാലിന്യം കിലോയ്ക്ക് 7/-രൂപ എന്ന നിരക്കിൽ എക്സ് സർവീസ് മെൻ ട്രസ്റ്റിന് നൽകുകയും ചെയ്യണമെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. പ്രസ്തുത തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ആശുപത്രിയുടെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനായി എക്സ് സർവീസ് മെൻ ട്രസ്റ്റിന് കിലോഗ്രാമിന് ഏഴു രൂപ എന്ന നിരക്കിൽ നല്കുന്നതിന് 2018-2019 വർഷം ഭരണാനുമതി നകിയിട്ടുള്ള ശുചിത്വ കേരളം (റൂറൽ)-മാലിന്യ സംസ്കരണം എന്ന ശീർഷകത്തിൽ നിന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം

ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ ആശുപത്രിയുടെ പരിസരത്ത് നിക്ഷേപിച്ചിട്ടുള്ള മാലിന്യം കിലോഗ്രാമിന് 7 രൂപ നിരക്കിൽ എക്സ് സർവീസ് മെൻ ട്രസ്റ്റ് മുഖേന നീക്കം ചെയ്യുന്നതിനായി, പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള ശുചിത്വ കേരളം (റൂറൽ) സ്കീമിലെ അനുവദനീയമായ ഘടകത്തിൽ നിന്നും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- നീക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തി മാത്രം പ്രസ്തുത നിരക്കിൽ തുക നൽകുന്നത് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

- ശുചിത്വ മിഷനിൽ നിന്നും ഇതിനായി അനുവദിക്കുന്ന തുകയിൽ ഈ ആവശ്യത്തിനായി ചെലവഴിക്കാതെ ബാക്കി വരുന്ന തുകയുണ്ടെങ്കിൽ ആയത് ശുചിത്വ മിഷന് തിരികെ നൽകേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്, ഇടുക്കി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്